**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 205** **27-01-2026 - ൽ മറുപടിയ്ക്ക്**

**നെടുങ്കണ്ടം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നെടുങ്കണ്ടം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തി കിഫ്ബി ഫണ്ട് പ്രയോജനപ്പെടുത്തി നടത്തിവരുന്ന കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്നുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | കിഫ്ബി ഫണ്ടുപയോഗിച്ചുകൊണ്ട് 149 കോടി രൂപയുടെ ഭരണാനുമതി നൽകിയ നെടുങ്കണ്ടം താലൂക്ക് ആശുപത്രിയുടെ 56.5 % പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ഒ.പി വിഭാഗത്തിനായി ഒരു കെട്ടിടവും, കാഷ്വാലിറ്റി ഓപ്പറേഷൻ തീയറ്റർ സമുച്ചയം ഉൾപ്പെടെ മറ്റൊരു കെട്ടിടവും നിർമ്മിച്ചുവരുന്നു. |
| (ബി) | 2022-ൽ നിർമ്മാണം പൂർത്തിയാക്കേണ്ട പ്രവൃത്തിയുടെ പൂർത്തീകരണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നാളിതുവരെ നടത്തിയിട്ടുള്ള ഇടപെടലുകൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിലും കിഫ്ബി തലത്തിലും ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിലും കൃത്യമായ ഇടവേളകളിൽ അവലോകനയോഗം ചേർന്ന് നിർമ്മാണ പുരോഗതി വിലയിരുത്തുകയും കൃത്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിച്ച് ജില്ലാ ആശുപത്രിയുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (സി) | മറുപടി ബി പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ